ഉത്തരം

(എ&ബി) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 80 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. വിശദമായ പഠനത്തിനു ശേഷം പദ്ധതി നടപ്പിലാക്കുന്നതാണ്.

കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവ നീക്കം ചെയ്യാൻ പദ്ധതി

40 (2595) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദുണ്ണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ജില്ലകളിലാണ് കുളവാഴയുടെയും ആഫ്രിക്കൻ പായലിന്റെയും പ്രശ്നം വ്യാപകമായിട്ടുള്ളതെന്ന് പറയുമോ ;

(ബി) ഇവ നീക്കം ചെയ്യുവാൻ എന്തു തുക വേണ്ടി വരും എന്നും ഇതിനുള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലാണ് കുളവാഴയുടെയും ആഫ്രിക്കൻ പായലിന്റെയും പ്രശ്നം വ്യാപകമായിട്ടുള്ളത്.

(ബി) ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യുന്ന പ്രവൃത്തിക്കു വേണ്ടി ആദ്യഘട്ടത്തിൽ ഏകദേശം 62 ലക്ഷം രൂപ ചെലവു വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.

തോട്ടടയിൽ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കാൻ നടപടി

41 (2603) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തോട്ടടയിൽ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly